**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** — **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്ക് ഇളവ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് അദാലത്ത് സംഘടിപ്പിച്ച് ഇളവ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് അദാലത്ത് സംഘടിപ്പിച്ച് ഇളവ് നൽകുന്ന പദ്ധതിയായ ***നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ*** പദ്ധതി നിലവിലുണ്ട്.<br><br>2023 ഫെബ്രുവരി 1 മുതൽ 2023 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു.<br><br>മൂന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ARC കേസുകൾ, Sale-ൽ ഉൾപ്പെട്ട കേസുകൾ എന്നിവ സമയബന്ധിതമായി തീർക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ